പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1831 05.12.2014 - ൽ മറുപടിയ്ക്ക്

**കേരള സാമൂഹ്യ മിഷന്റെ വിവിധ പദ്ധതികൾ**

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-2015 ലെ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; ആയത് പ്രകാരം നാളിതുവരെ എന്ത് തുക ചെലവഴിച്ചു; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും 31.10.2014 വരെ ചെലവഴിച്ച തുകയുടെയും പദ്ധതി തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | 31.10.2014 വരെ ചെലവഴിച്ച തുക |
|---|---|---|
| ആശ്വാസകിരണം | 2300 ലക്ഷം | 2468.99 ലക്ഷം |
| സ്നേഹസ്പർശം | 150 ലക്ഷം | 144.42 ലക്ഷം |
| സ്നേഹസാന്ത്വനം (എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജ്) | 900 ലക്ഷം | 455.39 ലക്ഷം |
| താലോലം പദ്ധതി | 700 ലക്ഷം | 507 ലക്ഷം |
| ക്യാൻസർ സുരക്ഷ | 700 ലക്ഷം | 340 ലക്ഷം |
| വയോമിത്രം പദ്ധതി | 700 ലക്ഷം | 426.72 ലക്ഷം |
| വിശപ്പുരഹിത നഗരം പദ്ധതി | 180 ലക്ഷം | 178.6 ലക്ഷം |
| ശ്രുതിതരംഗം പദ്ധതി | 1000 ലക്ഷം | 409.17 ലക്ഷം |
| സ്നേഹപൂർവ്വം പദ്ധതി | 700 ലക്ഷം | 704.78 ലക്ഷം |
| വൈകല്യ നിർണ്ണയ | 100 ലക്ഷം | 18.63 ലക്ഷം |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പ്</td><td></td><td></td></tr>
<tr><td>സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി</td><td>200 ലക്ഷം</td><td>69.76 ലക്ഷം</td></tr>
<tr><td>മോഡൽ പാരാപ്ലീജിക് സെന്റർ</td><td>50 ലക്ഷം</td><td>ഇല്ല</td></tr>
<tr><td>ഔവർ റെസ്പോൺസിബി ലിറ്റി റ്റു ചിൽഡ്രൻ</td><td>50 ലക്ഷം</td><td>ഇല്ല</td></tr>
<tr><td>സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സെൻസസ്</td><td>500 ലക്ഷം</td><td>0.19 ലക്ഷം</td></tr>
<tr><td>സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്</td><td>4000 ലക്ഷം</td><td>100.70 ലക്ഷം</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ നടപ്പ് വർഷം ആശ്വാസകിരണം പദ്ധതിയ്ക്ക് എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;</td><td>(ബി)</td><td>നടപ്പ വർഷം ആശ്വാസകിരണം പദ്ധതി ചെലവുകൾക്കായി 31.10.2014 വരെ 2468.99 ലക്ഷം രൂപ ചെലവഴിച്ച് കഴിഞ്ഞു. 60135 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി ആവശ്യമായി വന്ന തുക മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചു.</td></tr>
<tr><td>(സി)</td><td>ക്യാൻസർ സുരക്ഷാ പദ്ധതിയ്ക്ക് ഈ നടപ്പ വർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;</td><td>(സി)</td><td>നടപ്പ വർഷം ക്യാൻസർ സുരക്ഷാ പദ്ധതി ചെലവുകൾക്കായി 31.10.2014 വരെ 340 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 193 കുട്ടികൾക്കും നേരത്തേ രജിസ്റ്റർ ചെയ്ത ചികിത്സ നേടി വരുന്ന 3696 കുട്ടികൾക്കും ചികിത്സാ സഹായം ലഭിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>താലോലം പദ്ധതിക്ക് ഈ നടപ്പ വർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക്</td><td>(ഡി)</td><td>നടപ്പ വർഷം താലോലം പദ്ധതി ചെലവുകൾക്ക് 31.10.2014 വരെ 507 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ</td></tr>
</table>

| | | | |
|---|---|---|---|
| | ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; | | സാമ്പത്തിക വർഷം പുതുതായി രജിസ്റ്റർ ചെയ്ത 458 കുട്ടികൾക്കും മുൻവർഷം രജിസ്റ്റർ ചെയ്തിട്ടുള്ള 8417 കുട്ടികൾക്കും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. |
| (ഇ) | ശ്രുതിതരംഗം പദ്ധതിയ്ക്ക് ഈ നടപ്പ് വർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; | (ഇ) | ശ്രുതിതരംഗം പദ്ധതിയ്ക്ക് നടപ്പ് വർഷം 31.10.2014 വരെ 409.17 ലക്ഷം രൂപ ചെലവഴിച്ചു. നടപ്പ് വർഷം 69 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി. |
| എഫ് | സ്നേഹപൂർവ്വം പദ്ധതിക്ക് ഈ നടപ്പ് വർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; | (എഫ്) | സ്നേഹപൂർവ്വം പദ്ധതിയ്ക്ക് നടപ്പ് വർഷം 31.10.2014 വരെ 704.78 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 21726 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. |
| (ജി) | വയോമിത്രം പദ്ധതിക്ക് ഈ നടപ്പ് വർഷം എന്ത് തുക ചെലവഴിച്ചു; എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; സ്നേഹസ്പർശം പദ്ധതിയ്ക്ക് ഈ നടപ്പ് വർഷം എന്ത് തുക ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു? | (ജി) | വയോമിത്രം പദ്ധതിയ്ക്ക് നടപ്പ് വർഷം 31.10.2014 വരെ 426.72 ലക്ഷം രൂപ ചെലവഴിച്ചു. 109000 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം നൽകിയിട്ടുണ്ട്. സ്നേഹസ്പർശം പദ്ധതിയ്ക്ക് നടപ്പ് വർഷം 31.10.2014 വരെ 144.42 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. 1817 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ